# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാവറട്ടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-TSR-P13-1224/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020
തീയ്യതി: 25/03/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാവറട്ടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-TSR-P13-1224/2021 തീയ്യതി: 25/03/2022

# തൃശ്ശൂർ ജില്ലയിലെ പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-03-2020 മുതൽ 03-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 04-08-2021 | 16-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-08-2021 | 16-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ബേബി പി.വി., ഓഡിറ്റ് ഓഫീസർ
മീര റ്റി., ഓഡിറ്റ് ഓഫീസർ
ഷൈനി കൃഷ്ണദാസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ജോമോൻ ഇ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
അനീറ്റ ഡോമിനിക്, ഓഡിറ്റർ
സ്വാലിഹ് സി.പി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അബു വടക്കയിൽ | പ്രസിഡന്റ് | 01-04-2019 | 04-11-2019 |
| വിമല സേതുമാധവൻ | പ്രസിഡന്റ് | 05-11-2019 | 09-12-2019 |
| വത്സല സി.പി. | പ്രസിഡന്റ് | 10-12-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാധാകൃഷ്ണൻ കെ.കെ. | സെക്രട്ടറി ഇൻ-ചാർജ്ജ് | 01-04-2019 | 24-04-2019 |
| ഫ്രാൻസിസ് കെ.വി. | സെക്രട്ടറി | 25-04-2019 | 05-07-2019 |
| രാധാകൃഷ്ണൻ കെ.കെ. | സെക്രട്ടറി ഇൻ-ചാർജ്ജ് | 06-07-2019 | 11-07-2019 |
| സെബാസ്റ്റ്യൻ ടി.എഫ് | സെക്രട്ടറി | 12-07-2019 | 25-07-2019 |
| രാധാകൃഷ്ണൻ കെ.കെ. | സെക്രട്ടറി ഇൻ-ചാർജ്ജ് | 26-07-2019 | 04-08-2019 |
| സാജിത പി.വൈ. | സെക്രട്ടറി | 05-08-2019 | 31-03-2020 |
| രാധാകൃഷ്ണൻ കെ.കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ബാബു കെ. പോൾ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 15-08-2019 |
| അഞ്ജലി പി.കെ. | അസിസ്റ്റന്റ് എൻജിനീയർ | 16-08-2019 | 01-11-2019 |
| ബാബു കെ പോൾ | അസിസ്റ്റന്റ് എൻജിനീയർ | 02-11-2019 | 31-03-2020 |
| റിയ ജോസഫ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ദീപ സാമുവൽ | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-04-2019 | 13-11-2019 |
| ഡോ.മരിയ ടോം | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 14-11-2019 | 31-03-2020 |
| ഡോ.അജിത് കെ. എസ്. | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ഡോ.രാഗേഷ് പി.ഡി. | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| അന്നമ്മ സി.എൽ. | ഹെഡ്മിസ്ട്രസ്(ജി.യു.പി.) | 01-04-2019 | 02-06-2019 |
| ഫിലോമിന എൻ.ഒ. | ഹെഡ്മിസ്ട്രസ്(ജി.യു.പി.) | 03-06-2019 | 31-03-2020 |
| ലിന്റോ ഇ.എൽ. | വി.ഇ.ഒ. | 01-04-2019 | 31-03-2020 |
| അഞ്ജന വി. | എൽ.വി.ഇ.ഒ. | 01-04-2019 | 31-03-2020 |
| സുനിത കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 11-12-2019 |
| ഷീജ പി.ജെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 12-12-2019 | 31-03-2020 |
| ഷിബു | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.V.Baby (Audit Officer, On 15-08-2021)<br>Last Updated By: P.V.Baby (Audit Officer, On 14-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Anita Dominic (Auditor, On 17-08-2021)<br>Last Updated By: Anita Dominic (Auditor, On 28-10-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Anita Dominic (Auditor, On 17-08-2021)<br>Last Updated By: Anita Dominic (Auditor, On 28-10-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-08-2021)<br>Last Updated By: P.V.Baby (Audit Officer, On 25-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.V.Baby (Audit Officer, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 17-12-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jomon E K (Asst. Audit Officer, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 17-12-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Swalih C.P (Auditor, On 17-08-2021)<br>Last Updated By: Swalih C.P (Auditor, On 17-08-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Anita Dominic (Auditor, On 16-08-2021)<br>Last Updated By: P.V.Baby (Audit Officer, On 17-12-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: P.V.Baby (Audit Officer, On 16-08-2021)<br>Last Updated By: P.V.Baby (Audit Officer, On 25-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.V.Baby (Audit Officer, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 30-10-2021) | 1-10 |
| 11 | വാർഷികക്കണക്കിലെ അപാകതകൾ<br>Written By: Anita Dominic (Auditor, On 15-08-2021)<br>Last Updated By: P.V.Baby (Audit Officer, On 14-03-2022) | 1-11 |
| 12 | അടിസ്ഥാന അനുപാതങ്ങൾ, ഗ്രാന്റ് എന്നിവ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല<br>Written By: Anita Dominic (Auditor, On 15-08-2021)<br>Last Updated By: P.V.Baby (Audit Officer, On 14-03-2022) | 1-11-1 |
| 13 | വസ്തു നികുതി - റെസിഡൻഷ്യൽ (തൻവർഷം)- വാർഷിക കണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 16-08-2021)<br>Last Updated By: P.V.Baby (Audit Officer, On 17-12-2021) | 1-11-2 |
| 14 | വസ്തു നികുതി -റെസിഡൻഷ്യൽ (കുടിശ്ശിക)- വാർഷിക കണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 16-08-2021)<br>Last Updated By: P.V.Baby (Audit Officer, On 14-03-2022) | 1-11-3 |
| 15 | വസ്തു നികുതി -നോൺ റെസിഡൻഷ്യൽ (തൻവർഷം)- വാർഷിക കണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 16-08-2021)<br>Last Updated By: P.V.Baby (Audit Officer, On 17-12-2021) | 1-11-4 |
| 16 | വസ്തു നികുതി -നോൺ റെസിഡൻഷ്യൽ (കുടിശ്ശിക)- വാർഷിക കണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 16-08-2021)<br>Last Updated By: P.V.Baby (Audit Officer, On 17-12-2021) | 1-11-5 |
| 17 | ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക) - വാർഷിക കണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 16-08-2021) | 1-11-6 |

| | | |
|---|---|---|
| | Last Updated By: P.V.Baby (Audit Officer, On 24-03-2022) | |
| 18 | വസ്തുനികുതി മുൻകൂർ - വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 16-08-2021)<br>Last Updated By: P.V.Baby (Audit Officer, On 25-03-2022) | 1-11-7 |
| 19 | വസ്തുനികുതി -കൃത്യസമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 16-08-2021)<br>Last Updated By: P.V.Baby (Audit Officer, On 14-03-2022) | 1-11-8 |
| 20 | ഇല്ലാത്ത മുൻകൂർ ക്രമീകരിച്ചു.<br>Written By: P.V.Baby (Audit Officer, On 16-08-2021)<br>Last Updated By: P.V.Baby (Audit Officer, On 14-03-2022) | 1-11-9 |
| 21 | വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 16-08-2021)<br>Last Updated By: P.V.Baby (Audit Officer, On 24-03-2022) | 1-11-10 |
| 22 | ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നത് ശരിയായ മാതൃകയിലല്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 14-03-2022) | 1-11-11 |
| 23 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Anita Dominic (Auditor, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 14-03-2022) | 1-11-12 |
| 24 | സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 14-03-2022) | 1-11-13 |
| 25 | എഴുതിത്തള്ളിയ തുകകൾക്കും വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകൾ ഇല്ല<br>Written By: P.V.Baby (Audit Officer, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 14-03-2022) | 1-11-14 |
| 26 | ജേണൽ വൌച്ചർ -ആധികാരിക രേഖകൾ ഇല്ല<br>Written By: P.V.Baby (Audit Officer, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 14-03-2022) | 1-11-15 |
| 27 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന് വർക് ഷീറ്റ്, ജേണൽ വൌച്ചർ ഹാജരാക്കിയിട്ടില്ല<br>Written By: P.V.Baby (Audit Officer, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 14-03-2022) | 1-11-16 |
| 28 | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള വരവ് ചെലവ് തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 14-03-2022) | 1-11-17 |
| 29 | അഡ്വാൻസ് രജിസ്റ്ററിലെ തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 14-03-2022) | 1-11-18 |
| 30 | വർക്ക് ഇൻ പ്രോഗ്രസ്സ് - അസിസ്റ്റന്റ് എൻജിനീയറുടെ റിപ്പോർട്ടും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 17-08-2021)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 17-08-2021) | 1-11-19 |
| 31 | വായ്പ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 25-03-2022) | 1-11-20 |
| 32 | വസ്തു നികുതി അപാകതകൾ<br>Written By: Swalih C.P (Auditor, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 14-03-2022) | 1-12 |
| 33 | നിർണയിച്ചിട്ടുള്ള വസ്തു നികുതിയിലും കുറവ് ഡിമാൻഡ് ചെയ്യുന്നു- വരുമാന നഷ്ടം<br>Written By: Swalih C.P (Auditor, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 14-03-2022) | 1-12-1 |
| 34 | അനധികൃത നിർമാണ രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല<br>Written By: Swalih C.P (Auditor, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 14-03-2022) | 1-12-2 |
| 35 | അപേക്ഷ നൽകും മുൻപ് നികുതി ഇളവ് നൽകി<br>Written By: Swalih C.P (Auditor, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 14-03-2022) | 1-12-3 |
| 36 | തൊഴിൽ നികുതി - അപാകങ്ങൾ<br>Written By: Swalih C.P (Auditor, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 14-03-2022) | 1-13 |

| | | |
|---|---|---|
| 37 | സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Swalih C.P (Auditor, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 14-03-2022) | 1-13-1 |
| 38 | മുഴുവൻ സ്ഥാപനങ്ങളും സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല<br>Written By: Swalih C.P (Auditor, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 14-03-2022) | 1-13-2 |
| 39 | ബി.എസ്.എൻ.എൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി വിവരം ലഭ്യമാക്കിയില്ല<br>Written By: Swalih C.P (Auditor, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 14-03-2022) | 1-13-3 |
| 40 | റേഷൻ കടകൾ, കരാറുകാർ എന്നിവരുടെ തൊഴിൽ നികുതി വിവരം ലഭ്യമാക്കിയില്ല<br>Written By: Swalih C.P (Auditor, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 14-03-2022) | 1-13-4 |
| 41 | രജിസ്റ്ററും രസീതും തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Swalih C.P (Auditor, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 14-03-2022) | 1-13-5 |
| 42 | സ്ഥാപനം നൽകുന്ന പത്രികയിലെ വിവരങ്ങളുടെ കൃത്യത വിലയിരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Swalih C.P (Auditor, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 25-03-2022) | 1-13-6 |
| 43 | തനത് ഫണ്ട് നിക്ഷേപത്തിനായി ഒന്നിലധികം അക്കൗണ്ടുകൾ സൂക്ഷിക്കുന്നു<br>Written By: Swalih C.P (Auditor, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 14-03-2022) | 1-14 |
| 44 | വ്യാപാരലൈസൻസ് - അപാകതകൾ<br>Written By: Anita Dominic (Auditor, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 14-03-2022) | 1-15 |
| 45 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കേണ്ടതാണ്<br>Written By: Anita Dominic (Auditor, On 17-08-2021)<br>Last Updated By: Anita Dominic (Auditor, On 18-08-2021) | 1-16 |
| 46 | ലേലം - അപാകതകൾ<br>Written By: Anita Dominic (Auditor, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 18-12-2021) | 1-17 |
| 47 | കടമുറി വാടക - അപാകതകൾ<br>Written By: Anita Dominic (Auditor, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 14-03-2022) | 1-18 |
| 48 | കെട്ടിട നിർമ്മാണ പെർമ്മിറ്റ് - അപാകതകൾ<br>Written By: Anita Dominic (Auditor, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 14-03-2022) | 1-19 |
| 49 | തൊഴിലുറപ്പ് പദ്ധതി അവലോകനം<br>Written By: Jomon E K (Asst. Audit Officer, On 15-08-2021)<br>Last Updated By: P.V.Baby (Audit Officer, On 14-03-2022) | 1-20 |
| 50 | ലോഗ് ബുക്ക് പരിപാലനം -അപാകതകൾ<br>Written By: Jomon E K (Asst. Audit Officer, On 16-08-2021)<br>Last Updated By: P.V.Baby (Audit Officer, On 14-03-2022) | 1-21 |
| 51 | അംഗൻവാടികളുടെ പ്രവർത്തനം - അവലോകനം<br>Written By: Jomon E K (Asst. Audit Officer, On 16-08-2021)<br>Last Updated By: P.V.Baby (Audit Officer, On 25-03-2022) | 1-22 |
| 52 | പദ്ധതിപ്രകാരം മാറ്റിയ പഴയ മോട്ടോർ- തുടർനടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Jomon E K (Asst. Audit Officer, On 16-08-2021)<br>Last Updated By: P.V.Baby (Audit Officer, On 16-03-2022) | 1-23 |
| 53 | ഹോമിയോ മരുന്നുകൾ ലഭ്യമായില്ല<br>Written By: Jomon E K (Asst. Audit Officer, On 16-08-2021)<br>Last Updated By: P.V.Baby (Audit Officer, On 16-03-2022) | 1-24 |
| 54 | പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേഗത കുറവ്<br>Written By: P.V.Baby (Audit Officer, On 16-08-2021)<br>Last Updated By: P.V.Baby (Audit Officer, On 16-03-2022) | 1-25 |
| 55 | പൊതുമരാമത്ത് പ്രവൃത്തികൾ -പൊതു വിവരങ്ങൾ<br>Written By: P.V.Baby (Audit Officer, On 16-08-2021)<br>Last Updated By: P.V.Baby (Audit Officer, On 25-03-2022) | 1-26 |
| 56 | ഹെഡ്മിസ്ട്രസ് നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ<br>Written By: Anita Dominic (Auditor, On 17-08-2021)<br>Last Updated By: Anita Dominic (Auditor, On 24-03-2022) | 1-27 |
| 57 | 3,48,500/- രൂപ ചെലവഴിച്ച് ഗ്രാമ പഞ്ചായത്ത് ബസ് സ്റ്റാൻഡിൽ സ്ഥാപിച്ച വാട്ടർ | 1-28 |

| | | |
|---|---|---|
| | എ.ടി.എം പ്രവർത്തിക്കുന്നില്ല<br>Written By: Meera T (Audit Officer, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 16-03-2022) | |
| 58 | നിർവഹണ ഏജൻസിക്ക് അഡ്വാൻസ് കൈമാറി രണ്ട് വർഷത്തിൽ അധികരിച്ചിട്ടും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല<br>Written By: Meera T (Audit Officer, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 16-03-2022) | 1-29 |
| 59 | തീരദേശ മേഖല സർവെ - ജില്ല സർവെ വകുപ്പിൽ നിന്ന് തുക തിരികെ ഈടാക്കി വികസന ഫണ്ടിൽ അടവാക്കിയിട്ടില്ല<br>Written By: Meera T (Audit Officer, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 16-03-2022) | 1-30 |
| 60 | ഡെപ്പോസിറ്റ് പ്രവൃത്തി - കെ.എസ്.ഇ.ബിയുമായി കരാർ വെച്ചിട്ടില്ല, പൂർത്തീകരണ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Meera T (Audit Officer, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 16-03-2022) | 1-31 |
| 61 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Meera T (Audit Officer, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 16-03-2022) | 1-32 |
| 62 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം- ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 16-03-2022) | 1-33 |
| 63 | ആടു വളർത്തൽ പദ്ധതി - ജനറൽ (വനിത)- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 25-03-2022) | 1-34 |
| 64 | അടുക്കളമുറ്റത്തെ കോഴി വളർത്തൽ - ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 16-03-2022) | 1-35 |
| 65 | മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - സ്റ്റോക്ക് രജിസ്റ്റർ, കമ്മിറ്റി തീരുമാനം എന്നിവ ലഭ്യമല്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 16-03-2022) | 1-36 |
| 66 | ലൈഫ് ഭവന പദ്ധതി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 17-08-2021)<br>Last Updated By: P.V.Baby (Audit Officer, On 16-03-2022) | 1-37 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Anita Dominic (Auditor, On 15-08-2021)<br>Last Updated By: P.V.Baby (Audit Officer, On 16-03-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Anita Dominic (Auditor, On 15-08-2021)<br>Last Updated By: P.V.Baby (Audit Officer, On 16-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Anita Dominic (Auditor, On 15-08-2021)<br>Last Updated By: P.V.Baby (Audit Officer, On 16-03-2022) | 4-3 |
| 4 | സ്ഥിര നിക്ഷേപം<br>Written By: Anita Dominic (Auditor, On 15-08-2021)<br>Last Updated By: P.V.Baby (Audit Officer, On 16-03-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Anita Dominic (Auditor, On 15-08-2021)<br>Last Updated By: P.V.Baby (Audit Officer, On 16-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Anita Dominic (Auditor, On 15-08-2021)<br>Last Updated By: P.V.Baby (Audit Officer, On 16-03-2022) | 4-6 |

| | | |
|---|---|---|
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Anita Dominic (Auditor, On 15-08-2021)<br>Last Updated By: P.V.Baby (Audit Officer, On 16-03-2022) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Anita Dominic (Auditor, On 15-08-2021)<br>Last Updated By: P.V.Baby (Audit Officer, On 24-03-2022) | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Anita Dominic (Auditor, On 15-08-2021)<br>Last Updated By: P.V.Baby (Audit Officer, On 20-12-2021) | 4-9 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 21.02.2019 | തീരുമാനം-(1) | 24,22,41,128.07 | 22,87,25,085 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 20.03.2020 | തീരുമാനം-(1) | 20,63,94,808.07 | 17,69,63,028 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 29-5-2020 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,38,92,786.21 |
| വരവ് | 4,71,91,042 |
| ആകെ | 6,10,83,828.21 |
| ചെലവ് | 4,45,11,982 |
| നീക്കിയിരിപ്പ് | 1,65,71,846.21 |

### 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിലെ ഗ്രാന്റ് വിനിയോഗ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഗ്രാന്റ് | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 0 | 11703588 | 11703588 | 8199740 | 3503848 |
| വികസന ഫണ്ട് (SCP) | | 0 | 2231353 | 2231353 | 1898677 | 332676 |
| വികസന ഫണ്ട് (TSP) | | - | - | - | - | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 7038735 | 7038735 | 3837947 | 3200788 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | | 0 | 8779000 | 8779000 | 2768930 | 6010070 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | | 0 | 3251000 | 3251000 | 2682226 | 568774 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 2056312 | 9565776 | 11622088 | 10351000 | 1271088 |
| സാക്ഷരത | | 1319 | 45 | 1364 | 0 | 1364 |
| കേരളോത്സവം | | 5000 | 20000 | 25000 | 25000 | 0 |
| പൈക്ക | | 12000 | 0 | 12000 | 0 | 12000 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | കൂലി+മെറ്റീരിയൽ ചെലവ് | 0 | 12369925.5 | 12369925.5 | 12369925.5 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 350.14 | 646469 | 646819.14 | 646541 | 278.14 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | ഐ.സി.ഡി.എസ്. | 338751 | 482089 | 820840 | 499840 | 321000 |
| | ടി.എസ്.സി. | 1171089 | 0 | 1171089 | 231857 | 939232 |

### 1-5 പദ്ധതി അവലോകനം

2019-20 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 194 | 57067125 | 89 | 27740476 | 26 | 79 | 45.88% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 350.14 | 646469 | 646819.14 | 646541 | 278.14 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് + മെറ്റീരിയൽ കോസ്റ്റ് | 0 | 12369925.5 | 12369925.5 | 12369925.5 | 0 |
| ആകെ | 350.14 | 13016394.5 | 13016744.64 | 13016466.5 | 278.14 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 39840 | 35 |
| കർഷകതൊഴിലാളി പെൻഷൻ | 393600 | 69 |
| വിധവാപെൻഷൻ | 4644600 | 826 |
| വാർദ്ധക്യകാലപെൻഷൻ | 8713800 | 1574 |
| വികലാംഗപെൻഷൻ | 1361900 | 240 |
| അവിവാഹിതരായ 50 വയസ്സു കഴിഞ്ഞവർക്കുള്ള പെൻഷൻ | 436200 | 78 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് പരിശോധന

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-08-2021 തീയതിയിൽ 2:45 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17,497/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമ പഞ്ചായത്തിലെ വൗച്ചറുകൾ തൃപ്തികരമായി പരിപാലിക്കുന്നുണ്ട്. എന്നാൽ രജിസ്റ്ററുകളിൽ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലുകൾ കുറവായാണ് കാണപ്പെടുന്നത്. രജിസ്റ്ററുകൾ വർഷം തിരിച്ച രേഖപ്പെടുത്തലുകൾ വരുത്തി കാലികമായി സൂക്ഷിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. പ്രോജക്ടുകളുടെ നിർവ്വഹണ, പൂർത്തീകരണ വേളകളിൽ മോണിട്ടറിംഗ് കമ്മിറ്റികളുടെ ഇടപെടലുകൾ കാര്യക്ഷമമായി നടക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻമാർ പലരും TR7A മാതൃകയിൽ അല്ല കാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നത്. (ഉദാ. എ. ഇ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ Etc.) മത്സരാധിഷ്ഠിത ടെണ്ടർ സംവിധാനം കാര്യക്ഷമമായി നടപ്പിലാകുന്നില്ല. പ്രസിഡണ്ടിന്റെ പേരിലുള്ള ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. 2004 ൽ സെക്രട്ടറിയുടെ പേരിൽ കാനറ ബാങ്ക് പാവറട്ടി ബ്രാഞ്ചിൽ ഒരു ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും ആയതിൽ വർഷങ്ങളായി യാതൊരു ക്രയവിക്രയങ്ങൾ നടക്കുന്നതായി കാണുന്നില്ല. പഞ്ചായത്ത് കെട്ടിടം വർഷങ്ങളായി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കേണ്ടതുമാണ്. ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| . | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.03.2021, 15.03.2021, 16.03.2021 | ഏപ്രിൽ 2020 മുതൽ ഡിസംബർ 2020 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറൽ | 20.12.2010 മുതൽ 01.01.2011 വരെ | 2005-06 മുതൽ 2009-10 വരെ | 03.02.2011 |

## 1-11 വാർഷികക്കണക്കിലെ അപാകതകൾ

2019-20 സാമ്പത്തികവർഷത്തെ വാർഷികക്കണക്കിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

## 1-11-1 അടിസ്ഥാന അനുപാതങ്ങൾ, ഗ്രാന്റ് എന്നിവ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

2. സർക്കാർ ഉത്തരവ് (കൈ) 16/21 ത.സ്വ.ഭ.വ തീ 23/1/21 പ്രകാരം വാർഷിക കണക്കുകളോടൊപ്പം നിർബന്ധിതമാക്കിയിരുന്ന ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

## 1-11-2 വസ്തു നികുതി - റെസിഡൻഷ്യൽ (തൻവർഷം)- വാർഷിക കണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2771331 | 2592773 | 48170 | 148266 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2770447 | 2574133 | 48170 | 148290 |

1. ഡിമാന്റ്, കളക്ഷൻ, ബാക്കി തുക എന്നിവ പൊരുത്തപ്പെടുന്നില്ല.
2. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-11-3 വസ്തു നികുതി -റെസിഡൻഷ്യൽ (കുടിശ്ശിക)- വാർഷിക കണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 29380 | 14505 | 14877 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 26992 | 14505 | 14397 |

1. ഡിമാന്റ്, ബാക്കി തുക എന്നിവ പൊരുത്തപ്പെടുന്നില്ല.
2. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ തുക ഡിസിബി സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-11-4 വസ്തു നികുതി -നോൺ റെസിഡൻഷ്യൽ (തൻവർഷം)- വാർഷിക കണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

നോൺ – റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2102876 | 1963847 | 34515 | 113487 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2101932 | 1954893 | 34466 | 113518 |

1. ഡിമാന്റ്,കളക്ഷൻ,മുൻകൂർ ക്രമീകരിച്ച തുക ഒന്നുംതന്നെ പൊരുത്തപ്പെടുന്നില്ല
2. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-11-5 വസ്തു നികുതി -നോൺ റെസിഡൻഷ്യൽ (കുടിശ്ശിക)- വാർഷിക കണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 107790 | 8640 | 99150 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 107840 | 8640 | 99155 |

1. ഡിമാന്റ്, ബാക്കി തുകകൾ പൊരുത്തപ്പെടുന്നില്ല.
2. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ തുക ഡിസിബി സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-11-6 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക) - വാർഷിക കണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| . | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 140706 | 1485 | 142191 | 131373 | 733 | 132106 | 2577 | | 7554 | 750 | 8304 |
| | നോൺ-റെസിഡൻഷ്യൽ | 105836 | 5395 | 111231 | 98753 | 432 | 99185 | 1777 | | 5707 | 4963 | 10670 |
| | ആകെ | | | 253422 | | | 231291 | 4354 | | | | 18974 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 388578 | | | 231252 | | | | 369634 | 18990 | | |
| | | (6765+381813) | | | | | | | | | | |

1. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത ഉകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി ഉക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 2,31,252/- രൂപയും, സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 2,31,291/- രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് ഉക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത ഉകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല , മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു ഉകയുമല്ല, മറിച്ച് 3,69,634/- രൂപയാണ്. (വൗച്ചർ നം.41900390/31.03.20-735/- + 41900390/31.03.20-133112/- + 41900390/31.03.20-432/- + 41900390/31.03.20-235352/- + 41900380/30.03.20-3/-))

3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള ഉക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 394129/- രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ " 431910101- State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട ഉക 18768/- ആണ്. എന്നാൽ ഈ ശീർഷകത്തിൽ 18944/- ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-11-7 വസ്തുനികുതി മുൻകൂർ - വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ ഉക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന ഉകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ.നം | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള ഉകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഉകകൾ |
|---|---|---|---|
| 1 | 350410101 – Advance Collection Of Revenues -Property Tax On Residential Building | 222996 | 222897 |
| 2 | 350410104 – Advance Collection Of Revenues – Property Tax On Non-Residential Building | 109979 | 109935 |

## 1-11-8 വസ്തുനികുതി -കൃത്യസമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല.

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ഉക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് ഉകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ പാവറട്ടി ഗ്രാമപഞ്ചായത്തിൽ 196 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2019 -20 ലെ “ 110100101- Property Tax On Residential Building”എന്ന ശീർഷകത്തിലേയും “ 110100103-Property Tax On Non Residential Building” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019 - 20 സാമ്പത്തിക വർഷത്തെ ഡിമാന്റ് 2 തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ” സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് ഉകയിലേക്ക് വാർഷികകണക്കിലെ ഉക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ ഉടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11-9 ഇല്ലാത്ത മുൻകൂർ ക്രമീകരിച്ചു.

2018-19 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി -9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ ഉകയേക്കാൾ കൂടുതൽ ഉക 2019-20 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. “Prior Period Items” എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് ഉക വർദ്ധിപ്പിക്കുകയും ഉടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് ഉക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആധാരമായ വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച ഉകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ.നം | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 | 2018-19ലെ ലെഡ്ജർ |
|---|---|---|---|

| | | പ്രകാരം 31/3/19 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues - Property Tax On Residential Building | 13959 | 48170 |
| 2 | 350410104-Advance Collection Of Revenues - Property Tax On Non-Residential Building | 4161 | 34466 |

## 1-11-10 വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)
2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)
3. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ
4. വാടക ഡിമാന്റ് രജിസ്റ്റർ
5. ലൈബ്രറി രജിസ്റ്റർ
6. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ
7. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ
8. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

മുറി വാടക, ലേലം, ബിൽഡിംഗ് പെർമിറ്റ്, ജനന-മരണ രജിസ്ട്രേഷൻ രജിസ്റ്റർ, വിവാഹ രജിസ്ട്രേഷൻ രജിസ്റ്റർ തുടങ്ങിയ വരവിനങ്ങളുടെ രജിസ്റ്ററുകൾ DCB തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ പരിപാലിക്കേണ്ടതാണ്.

## 1-11-11 ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നത് ശരിയായ മാതൃകയിലല്ല

ആസ്തി രജിസ്റ്റർ പ്രകാരം ആകെ ആസ്തികളുടെ മൂല്യം 42489982/- ആണ്. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. ബാലൻസ് ഷീറ്റിന് അനുസൃതമായി കുറ്റമറ്റ രീതിയിൽ ആസ്തി രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

## 1-11-12 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2679060/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 12506095/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-11-13 സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല

സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

## 1-11-14 എഴുതിത്തള്ളിയ തുകകൾക്കും വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകൾ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2020ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 237730 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 130460 |
| 280100102-Prior Period Income-Profession Tax -Institutions/Professionals/Traders | (48740) |
| 280200201- Prior Period Income-Licence Fees | (800) |
| 280200401-Prior Period Income-Other Incomes | 123894 |

| | |
|---|---|
| 280800101-Prior Period-Administrative Expenses | (1318) |
| 280800501-Prior Period- Operations And Maintenance Expenses | 200000 |
| 280800601-Prior Period- Revenue Grants And Contributions | 191220 |
| 280800701-Prior Period- Miscellaneous Expenses | 1793010 |

## 1-11-15 ജേണൽ വൌച്ചർ -ആധികാരിക രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക് /ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽഎൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-11-16 ഡിപ്രിസിയേഷൻ കണക്കാക്കിയതിന് വർക് ഷീറ്റ്, ജേണൽ വൌച്ചർ ഹാജരാക്കിയിട്ടില്ല

2019 -20 വർഷത്തെ Income And Expenditure പത്രിക 1-17 (A) പ്രകാരം 4501354/- രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-11-17 ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള വരവ് ചെലവ് തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള വരവ് ചെലവ് തുകകളും RP- 34 പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| Auction Deposit (340200102) | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള തുക | RP-34പ്രകാരം പ്രകാരമുള്ള തുക |
|---|---|---|
| വരവ് | 189575 | 187075 |
| ചെലവ് | 166850 | 164350 |

## 1-11-18 അഡ്വാൻസ് രജിസ്റ്ററിലെ തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള തുകയും RP- 47 പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ശീർഷകം | ഇനം | അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള തുക | RP-47പ്രകാരമുള്ള തുക |
|---|---|---|---|
| 460100103(Payment) | Temporary Advance For Official Purposes | 1209234 | 1208799 |
| 460100103 (Receipt) | Temporary Advance For Official Purposes | 992921 | 346396 |
| 460500501 (Receipt) | Advance To Implementing Officers | 535246 | 11466 |

## 1-11-19 വർക്ക് ഇൻ പ്രോഗ്രസ്സ് - അസിസ്റ്റന്റ് എൻജിനീയറുടെ റിപ്പോർട്ടും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം 31/3/20 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2020 ൽ പണി പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുകയും ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-11-20 വായ്പ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല

വായ്പ ഇനത്തിൽ തൻവർഷം 1140000/- രൂപ (RP-32) വരവുണ്ട്. ആയതിൽ 397059/- രൂപ പ്രോജക്റ്റ് പ്രകാരം തിരിച്ചടച്ചിട്ടുണ്ട്. 31/3/2020 ൽ 47,44,866/- രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ട്. എന്നാൽ വായ്പ രജിസ്റ്ററോ സ്റ്റേറ്റ്മെന്റോ ലഭ്യമാക്കിയിട്ടില്ല.

## 1-12 വസ്തു നികുതി അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതിയുമായി ബന്ധപ്പെട്ടു നടത്തിയ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി. വസ്തു നികുതിയുമായി ബന്ധപ്പെട്ട വിവിധ രജിസ്റ്ററുകൾ സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവയാണ് പരിശോധനക്കായി പ്രധാനമായും ഉപയോഗപ്പെടുത്തിയത്. പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ വലിയ പങ്കു ആണ് വസ്തു നികുതിക്ക് ഉള്ളത്. ആയതിനാൽ വസ്തു നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ എത്രയും പെട്ടെന്ന പരിഹരിച്ച പഞ്ചായത്തിന്റെ തനത് വരുമാനം വർധിപ്പിക്കാനുള്ള നടപടികളിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-12-1 നിർണയിച്ചിട്ടുള്ള വസ്തു നികുതിയിലും കുറവ് ഡിമാൻഡ് ചെയ്യുന്നു- വരുമാന നഷ്ടം

കെട്ടിട നമ്പർ 7/313 A(UA) യുടെ അടിസ്ഥാന വസ്തു നികുതി നിർണയിച്ചിരിക്കുന്നത് സഞ്ചയ പ്രകാരം 477 രൂപയാണ്. എന്നാൽ പ്രസ്തുത കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി ഡിമാൻഡ് ആയി സഞ്ചയയിൽ ഉള്ളത് 216 രൂപയാണ്. 2013-14 മുതൽ 2018-19 വരെയുള്ള വർഷങ്ങളിലായി ലൈബ്രറി സെസ് (11 രൂപ) ഉൾപ്പെടെ 1362 രൂപ (227*6) ഡിമാൻഡ് ഉള്ളതായും സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിർണയിക്കപ്പെട്ട വസ്തു നികുതി ഡിമാൻഡ് ചെയ്യാത്തതിനും 2019-20, 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ നികുതി ഡിമാൻഡ് ചെയ്യപ്പെടാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15/13.8.2021 ) മറുപടി ലഭ്യമാക്കിയില്ല.

### 1-12-2 അനധികൃത നിർമാണ രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്ററിലെ കെട്ടിട നമ്പറുകളും സഞ്ചയയിലെ പ്രസ്തുത നമ്പറുള്ള കെട്ടിടങ്ങളും വ്യത്യസ്തമാണ്. ഉദാ : രജിസ്റ്റർ പ്രകാരം കെട്ടിട നമ്പർ 7/240A(UA) അനധികൃത നിർമാണം ആണ്. എന്നാൽ സഞ്ചയയിൽ പ്രസ്തുത കെട്ടിടം കാണുന്നില്ല. പഞ്ചായത്തിലെ അനധികൃത നിർമാണങ്ങളുടെ കൃത്യമായ രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിൽ ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15/13.8.2021) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിലെ അനധികൃത നിർമാണങ്ങളുടെ വിവരങ്ങൾ ഫീൽഡ് പരിശോധന വഴി കണ്ടെത്തേണ്ടതും ആയത് ഉൾപ്പെടുത്തി ഒരു രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതുമാണ്. വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-12-3 അപേക്ഷ നൽകും മുൻപ് നികുതി ഇളവ് നൽകി

പൊളിച്ച മാറ്റപ്പെടുന്ന കെട്ടിടങ്ങൾക്ക് അപേക്ഷ നൽകുന്നതിന് മുൻപ് തന്നെ താഴെ കാണും പ്രകാരം നികുതി ഇളവ് നൽകുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമ | ഫയൽ നമ്പർ/ തീയതി | നികുതി ഇളവ് അനുവദിച്ചത് |
|---|---|---|---|---|
| 1 | 7/29 | മാത്തുണ്ണി പുലിക്കോട്ടിൽ | A3 2020/ 20.3.2020 | 2019 ഒന്നാം അർദ്ധ വർഷം |
| 2 | 7/285 | വരലക്ഷ്മി | A4 2020/ 10.3.2020 | 2019 ഒന്നാം അർദ്ധ വർഷം |
| 3 | 7/286 | ലീലാവതി | A4 2020/ 2.3.2020 | 2019 ഒന്നാം അർദ്ധ വർഷം |
| 4 | 7/175 | ദേവസി | A4 2020/ 20.3.2020 | 2019 ഒന്നാം അർദ്ധ വർഷം |

വിശദീകരണം നല്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15/13.8.2021 ) മറുപടി ലഭ്യമാക്കിയില്ല. നികുതി ഇളവ് നൽകുമ്പോൾ ബന്ധപ്പെട്ട ചട്ടങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി - അപാകങ്ങൾ

ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച നടത്തിയ പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14/13.8.2021) 2019-20 സാമ്പത്തിക വർഷാവസാനത്തിൽ കൊറോണ മഹാമാരി കാരണമായി സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കാത്ത സാഹചര്യമുണ്ടായിരുന്നതിനാൽ തൊഴിൽ നികുതി ഈടാക്കുന്നതിനായി കഴിഞ്ഞിരുന്നില്ല എന്നും ഈടാക്കുന്നതിനായി നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. താഴെ പറയുന്ന അപാകങ്ങളിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു. (ഖ. 1-13-1)

### 1-13-1 സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2019-20 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ.നം | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | സെന്റ്. ജോസഫ് ആർട്സ് ആൻഡ് സയൻസ് കോളേജ് | രണ്ടാം അർദ്ധവർഷം |
| 2 | കത്തോലിക്ക് സിറിയൻ ബാങ്ക് | ഒന്നാം അർദ്ധവർഷം |
| 3 | ഗാർഡൻ ബിസിനസ് സെന്റർ | ഒന്നാം അർദ്ധവർഷം |
| 4 | പാവറട്ടി സർവീസ് സഹകരണ ബാങ്ക് നീതി മെഡിക്കൽസ് | ഒന്നാം അർദ്ധവർഷം |
| 5 | പ്രൊവിഡൻസ് ഹോട്ടൽ | ഒന്നാം അർദ്ധവർഷം |
| 6 | സോളാർ ഹോട്ടൽസ് | ഒന്നാം അർദ്ധവർഷം |

## 1-13-2 മുഴവൻ സ്ഥാപനങ്ങളും സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 2019 -20 വർഷത്തിൽ ആകെ 85 സ്ഥാപനങ്ങൾ ഉണ്ട്. എന്നാൽ സ്ഥാപന തൊഴിൽ നികുതി അടവാക്കിയ സ്ഥാപനങ്ങളുടെ എണ്ണം താഴെ കാണം പ്രകാരമാണ്

| സാമ്പത്തിക വർഷം | രണ്ട് അർദ്ധ വർഷങ്ങളിലും നികുതി അടവാക്കിയ സ്ഥാപനങ്ങളുടെ എണ്ണം | ഒന്നാം അർദ്ധ വർഷത്തിൽ മാത്രം നികുതി അടവാക്കിയ സ്ഥാപനങ്ങളുടെ എണ്ണം | രണ്ടാം അർദ്ധ വർഷത്തിൽ മാത്രം നികുതി അടവാക്കിയ സ്ഥാപനങ്ങളുടെ എണ്ണം | ആകെ |
|---|---|---|---|---|
| 2019-20 | 7 | 5 | 6 | 18 |

സ്ഥാപന നികുതി അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ആയത് ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-13-3 ബി.എസ്.എൻ.എൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി വിവരം ലഭ്യമാക്കിയില്ല

ഡബ്ല്യൂ.പി.സി 16670/06 നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ബി.എസ്.എൻ.എൽ -ന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല. ആയത് ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-13-4 റേഷൻ കടകൾ, കരാറുകാർ എന്നിവരുടെ തൊഴിൽ നികുതി വിവരം ലഭ്യമാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ ഉറപ്പായും റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടാകുമെന്നിരിക്കെ അവയുടെ എണ്ണം, ഈടാക്കിയ തൊഴിൽ നികുതി എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് പരിധിയിൽ പ്രവൃത്തിക്കുന്ന എല്ലാ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്. അവർ മറ്റ് ഗ്രാമപഞ്ചായത്തുകളിൽ ആയത് അടച്ചിട്ടുണ്ടെങ്കിൽ ആ വിവരം കൂടി ലഭ്യമാക്കേണ്ടതാണ്.

## 1-13-5 രജിസ്റ്ററും രസീതും തമ്മിൽ പൊരുത്തപ്പെടുന്നില്ല

MGNREGS പാവറട്ടി 2019 -20 ഒന്നാം അർദ്ധ വർഷത്തിൽ അടവാക്കിയ തൊഴിൽ നികുതി രസീത് പ്രകാരം 2250 രൂപയും രജിസ്റ്റർ പ്രകാരം 5750 രൂപയുമാണ്. കൂടാതെ രണ്ടാം അർദ്ധ വർഷത്തിൽ അടവാക്കിയിട്ടുള്ളത് 4500 രൂപയാണ്. ഇപ്രകാരം വ്യത്യാസം വന്നതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

## 1-13-6 സ്ഥാപനം നൽകുന്ന പത്രികയിലെ വിവരങ്ങളുടെ കൃത്യത വിലയിരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്

ഐഡിയൽ കോളേജ് പാവറട്ടി ലഭ്യമാക്കിയ പത്രിക പ്രകാരം 4 അധ്യാപകരാണ് സ്ഥാപനത്തിൽ ഉള്ളത്. ലഭ്യമാക്കിയ പത്രിക പ്രകാരം ഇവരുടെ മാസ വരുമാനം യഥാക്രമം 4333, 2667, 2500, 2333 എന്നിങ്ങനെയാണ്. ആയത് യുക്തിക്ക് നിരക്കുന്നതല്ല. കൂടാതെ ചാവക്കാട് താലൂക്ക് റൂറൽ ഹൗസിങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി 2019 -20 ഒന്നാം അർദ്ധ വർഷത്തിൽ ലഭ്യമാക്കിയ പത്രിക പ്രകാരം സെക്രട്ടറി അടവാക്കിയ തൊഴിൽ നികുതി 600 രൂപയും അറ്റൻഡർ അടവാക്കിയ നികുതി 1250 രൂപയുമാണ്. ശരിയായ വരുമാനം തന്നെയാണ് സ്ഥാപനങ്ങൾ പത്രികയിൽ നൽകുന്നത് എന്ന് പരിശോധിക്കാനുള്ള നടപടികൾ സ്വീകരിച്ച പഞ്ചായത്തിന് ലഭിക്കേണ്ട മുഴുവൻ വരുമാനവും ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-14 തനത് ഫണ്ട് നിക്ഷേപത്തിനായി ഒന്നിലധികം അക്കൗണ്ടുകൾ സൂക്ഷിക്കുന്നു

സർക്കുലർ 58725/എഫ്.എം.3.2008/ തസ്വഭവ/ 26.5.11 പ്രകാരം തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്നുണ്ട്. ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ നിലനിർത്താൻ പാടുള്ളതുമല്ല. പഞ്ചായത്തിന് യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിലും എച്.ഡി.എഫ്.സി ബാങ്കിലും തനത് ഫണ്ടിനായി അക്കൗണ്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 13/13.8.2021 നൽകിയ മറുപടി). തനത് ഫണ്ട് ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്ന് സർക്കാർ നിർദ്ദേശമുള്ള സാഹചര്യത്തിൽ തനത് ഫണ്ട് ഒരു അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-15 വ്യാപാരലൈസൻസ് - അപാകതകൾ

I) 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ. പ്രകാരം ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടം 10 ലെ പട്ടിക –II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുണ്ടായിരുന്നതിനെ, മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II - ാം പട്ടികയിൽ അധികരിക്കാത്ത ഇക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്.

ഒരു ദിവസത്തെ വിറ്റുവരവ് അല്ല, മറിച്ച് മൂലധനനിക്ഷേപമാണ് ലൈസൻസ് ഇക നിശ്ചയിക്കുന്നതിന് അടിസ്ഥാനമാക്കിയിരിക്കുന്നത്. 2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് അപേക്ഷകളെല്ലാം പഴയ അപേക്ഷഫോറത്തിന്റെ മാതൃകയിലാണ് നൽകിയിട്ടുള്ളതെങ്കിലും മൂലധനനിക്ഷേപം സംബന്ധിച്ച സത്യവാങ്മൂലം പ്രത്യേകം വാങ്ങി അപേക്ഷയോടൊപ്പം വയ്ക്കുകയാണ് ചെയ്തു വരുന്നത്. എന്നാൽ പല അപേക്ഷകളിലും മൂലധനനിക്ഷേപം രേഖപ്പെടുത്തിക്കാണുന്നില്ല.

ഉദാ :-

1. പുത്തൂർ ഗ്യാസ് & ഏജൻസീസ് (അപേക്ഷ നം. 44)

2. ഹോട്ടൽ & സാനിറ്ററി - ബാബു കെ.കെ. (അപേക്ഷ നം. 331)

3. സ്റ്റേഷണറി ഷോപ്പ് - ജോബി വി.ഐ. (അപേക്ഷ നം. 343)

ഇപ്രകാരം മൂലധനനിക്ഷേപത്തെക്കുറിച്ച് വിവരം നല്കാത്ത സ്ഥാപനങ്ങൾക്ക് എന്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് അനുവദിച്ചു നല്കിയത് എന്ന്

വ്യക്തമാക്കാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/2019-20/13.08.21), ഒരുപാട് വർഷങ്ങൾക്ക് മുൻപ് ആരംഭിച്ചതായ സ്ഥാപനങ്ങളുടെ മൂലധനം തന്നാണ്ടുമായി ബന്ധപ്പെടുത്താൻ സാധിക്കാത്തതിനാൽ ആയവർക്ക് മുൻപ് വാങ്ങിപ്പോന്നിരുന്ന അതേ സ്ലാബിൽ തന്നെ ലൈസൻസ് തുകയും വാങ്ങിപ്പോരുകയാണ് ചെയ്യുന്നത് എന്നാണ് മറുപടി നല്കിയിട്ടുള്ളത്. സ്ഥാപനങ്ങളുടെ മൂലധനനിക്ഷേപം സംബന്ധിച്ച് വ്യക്തത വരുത്തി മേൽ ഉത്തരവിനനുസൃതമായി ശരിയായ ലൈസൻസ് തുക ഉറപ്പ് വരുത്താൻ ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

II) താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ വ്യാപാരലൈസൻസ് എടുത്തിട്ടില്ല.

1. പ്രീതി ടീ സ്റ്റാൾ

2. സിം ബുക്ക് സെന്റർ

3. ചീരൻ കൂൾ ഹൗസ്

4. തിരുപ്പൂർ റെഡിമെയ്ഡ്സ്

III) താഴെ കൊടുത്തിരിക്കുന്ന ലൈസൻസ് അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

1. മലബാർ സിമന്റ്സ് (XV/85)

2. മലബാർ സ്റ്റോർസ്(XV/88,89)

3. സോളാർ ഹോട്ടൽസ് (XIV/331)

4. ഫൈവ് സ്റ്റാർ ഫിഷ് മോഷൻ സെന്റർ(IV/641,642)

ഇതുമായി ബന്ധപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/2019-20/13.08.21) മലബാർ സിമന്റ്സ്, മലബാർ സ്റ്റോർസ് എന്നീ സ്ഥാപനങ്ങൾ ലൈസൻസിനായി അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റുന്നതിന് നിർദ്ദേശം നല്കിയിരുന്നുവെന്നും തുടർന്ന് ഉടമസ്ഥൻ മരണപ്പെട്ടതിനാലും അനന്തരാവകാശികൾ സ്ഥലത്തില്ലാത്തതിനാലും കെട്ടിട ഉടമസ്ഥാവകാശം മാറ്റുന്നതിനും, കരാർ വെക്കുന്നതിനും സാധിക്കാത്തതിനാൽ ലൈസൻസ് അനുവദിച്ചിട്ടില്ല എന്ന് മറുപടി നല്കിയിട്ടുണ്ട്. എന്നാൽ 2019 -20 കാലയളവിലും തുടർന്നും ടി സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നില്ലായെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

IV) എമറാൾഡ് ബ്യൂട്ടി പാർലർ (II/ 381-B7) എന്ന സ്ഥാപനം 'പാർപ്പിടം' എന്ന കെട്ടിടവിഭാഗത്തിൽ നിന്നും 'കൊമേഴ്സ്യൽ' വിഭാഗത്തിലേക്ക് മാറ്റിയിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചിട്ടുണ്ടോ എന്ന് ഓഡിറ്റ് എൻക്വയറി മുഖേന ആരാഞ്ഞെങ്കിലും മറുപടി ലഭ്യമായില്ല.

V) പുത്തൂർ ഗ്യാസ് ഏജൻസി എന്ന സ്ഥാപനം ഫാക്ടറി -വ്യാപാര ലൈസൻസ് എടുത്തിട്ടുള്ളതാണ്. ഈ സ്ഥാപനത്തിൽ ഗ്യാസ് സ്റ്റോക്ക് ചെയ്യുന്നതിന്, 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും, അസഹ്യവുമായ വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 12, ഉപചട്ടം 5 പ്രകാരം അഗ്നിശമനസേനാ വകുപ്പിൽ നിന്നും ലഭ്യമാക്കേണ്ട രേഖകളൊന്നും അപേക്ഷയോടൊപ്പം സമർപ്പിച്ചിരുന്നില്ല. ആയത് ഗ്രാമ പഞ്ചായത്ത് പരിശോധിക്കുകയോ ക്ലിയറൻസ് ലഭ്യമാക്കുന്നതിന് വേണ്ട തുടർ നടപടികൾ സ്വീകരിക്കുകയോ ഉണ്ടായില്ല എന്ന് 2018 -19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ട് (ഖണ്ഡിക 1-14). മേൽ രേഖകളുടെ അഭാവത്തിൽ 2019 -20 വർഷത്തിലും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കുമുള്ള ലൈസൻസ് അനുവദിച്ചു കാണുന്നു. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/2019-20/13.08.21) രേഖകൾ ലഭ്യമാക്കുന്നതിന് പഞ്ചായത്തിൽ നിന്നും കത്ത് നല്കിയിരുന്നിട്ടും ഹാജരാക്കിയിട്ടില്ല എന്ന് മറുപടി നല്കിയിട്ടുണ്ട്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

VI) ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്

ട്രേഡേഴ്സ് ലിസ്റ്റിൽ 401 സ്ഥാപനങ്ങൾ മാത്രമാണുള്ളത്. എന്നാൽ 509 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.

## 1-16 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കേണ്ടതാണ്

താഴെക്കൊടുത്തിരിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഈ സാമ്പത്തികവർഷത്തിൽ ലൈസൻസ് പുതുക്കിയിട്ടില്ല.

1. നീതി ഹൈടെക്ക് ലബോറട്ടറി

2. സാൻജോസ് പാരിഷ് ലബോറട്ടറി

പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഓരോവർഷവും ലൈസൻസ് പുതുക്കുന്നുണ്ടെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

## 1-17 ലേലം - അപാകതകൾ

2019 -20 വർഷത്തിൽ നടന്ന ലേലം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലേലം നടന്ന തീയതി | ലേലസ്ഥലം | ലേലം കൊണ്ട വ്യക്തി | ലേലത്തുക |
|---|---|---|---|---|
| 1 | 21.06.2019 | കംഫർട്ട് സ്റ്റേഷൻ | മിനി ജോസ് അക്കര | 1,70,400 |
| 2 | 21.06.2019 | ബസ് സ്റ്റാന്റ് പിരിവ് | സി.ഡി.എസ്. ചെയർപേഴ്സൺ | 2,10,000 |
| 3 | 21.06.2019 | III/211(36) നം. കടമുറി | രാധ കുണ്ടൂർ | 14,100 |
| 4 | 21.06.2019 | 5 സ്ഥലങ്ങളിലെ തെങ്ങുകളുടെ അനുഭവം | മുംതാസ് റംല | 525+550+ 525+550+ 520 |
| 5 | 14.11.2019 | പേ & പാർക്കിംഗ് (ബസ് സ്റ്റാന്റിന് സമീപം) | സുരേന്ദ്രൻ ഇത്തിപ്പറമ്പിൽ | 8600 |

ലേലത്തുകയുടെ കൂടെ ജി.എസ്.ടി. 18%, 200/-രൂപയുടെ കരാർ രേഖ എന്നിവ നല്കിയിട്ടുണ്ടോയെന്നും തുക അടവാക്കിയിട്ടുണ്ടെങ്കിൽ രസീതുനമ്പർ, തുകവിവരം

എന്നിവ അറിയിക്കുവാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/2019-20/13.08.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ജി.എസ്.ടി. ഈടാക്കിയിട്ടുണ്ടെങ്കിൽ അത് കേന്ദ്ര സംസ്ഥാന സർക്കാരുകളിലേയ്ക്ക് അടവാക്കേണ്ടതാണ്. കരാർ ചമയ്ക്കാത്ത പക്ഷം ആയത് വിശദീകരിക്കേണ്ടതും കുറവു വന്ന തുക ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്.

## 1-18 കടമുറി വാടക - അപാകതകൾ

I) താഴെക്കൊടുത്തിരിക്കുന്ന കടമുറികൾ വാടക അടവാക്കിയിട്ടില്ല.

1. III/211(36) – രാധ കുണ്ടൂർ

2. II/255D5 – ഷാജഹാൻ വി.എം.

3. II/211E1 – താഹിറ മരുതയൂർ

4. II/211E3 – ഷിജുമോൻ കാക്കശ്ശേരി

കടമുറി നം. III/209 (36) നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന കാര്യത്തിൽ വ്യക്തത വരുത്തുവാൻ സാധിച്ചിട്ടില്ല. 2019-20 വർഷത്തെ DCB തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വാടക ബാലൻസ് തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/2019-20/13.08.21) മറുപടി ലഭ്യമാക്കിയില്ല.

II) സർക്കാർ അംഗീകൃത ബൈലോ തയ്യാറാക്കിയിട്ടില്ല

പാവറട്ടി പഞ്ചായത്തിൽ വർഷങ്ങളായി ഷോപ്പിംഗ് കോംപ്ലക്സ്, മത്സ്യമാർക്കറ്റ് എന്നിവ പ്രവർത്തിച്ചു വരുന്നു. കെട്ടിടമുറികളുടെ വാടക സംബന്ധിച്ച സർക്കാർ അംഗീകൃത ബൈലോ നാളിതുവരെ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ആയതിനുള്ള കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/16.08.2021) മറുപടി ലഭ്യമാക്കിയില്ല. ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യംചെയ്യപ്പെടാവുന്നതാണ്. ആയതിനാൽ അപാകതകൾ പരിഹരിച്ച് കൃത്യമായി ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിലെ കാലതാമസം ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പാളിച്ചയാണ്.

III) കരാർ നിബന്ധനകൾ എഴുതി ഒപ്പ് വച്ചു സൂക്ഷിച്ചിട്ടില്ല

കടമുറികൾ വാടകയ്ക്ക് നല്കിയതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് കരാറിൽ ഏർപ്പെട്ടതിന്റെ രേഖകളില്ല. മുദ്രപത്രത്തിൽ കരാർ നിബന്ധനകൾ എഴുതി ഒപ്പ് വച്ച് സൂക്ഷിക്കേണ്ടതാണ്.

IV) കടമുറികൾ നവീകരിച്ച് പ്രവർത്തനസജ്ജമാക്കേണ്ടതാണ്

രണ്ടാം വാർഡിലെ 255-ാം നമ്പർ കെട്ടിടത്തിലെ ഡി1, ഡി2, ഡി6 എന്നീ കടമുറികൾ ലേലം കൊള്ളുവാൻ ആരും എത്തിച്ചേരാത്ത സാഹചര്യം നിലനില്ക്കുന്നുണ്ട്. മത്സ്യമാർക്കറ്റിലെ കെട്ടിടമുറികളായതിനാലും ആളുകൾക്ക് ടി മുറികളിലേക്ക് കടന്നു വരാൻ ബുദ്ധിമുട്ടുള്ളതിനാലുമാണ് ആയത് ലേലം കൊള്ളുവാൻ ആരും എത്തിച്ചേരാത്തത്. പ്രസ്തുത മുറികൾ നവീകരിച്ച് പ്രവർത്തനസജ്ജമാക്കി തനതു വരുമാനം വർദ്ധിപ്പിക്കുവാൻ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 1-19 കെട്ടിട നിർമ്മാണ പെർമ്മിറ്റ് - അപാകതകൾ

ഫയൽ നം. എ2 - 2349/2019

ചെയർമാൻ & ഡയറക്ടേഴ്സ്, സോളാർ ഹോട്ടൽസ് പ്രൈ.ലി. എന്നവരുടെ ഉടമസ്ഥതയിലുള്ള സ്പെഷ്യൽ റസിഡൻഷ്യൽ കെട്ടിടത്തിന് പെർമിറ്റ് നല്കിയിട്ടുണ്ട് (പെർമിറ്റ് നം. A2 BA(131485)2019/ Dtd 21.05.2019). പുതുക്കിപ്പണിതതുപ്രകാരം 1018.56$m^2$ ആകെ വിസ്തീർണ്ണത്തിന്റെ അംഗീകരിച്ച പ്ലാനിന് ഫീസ് ഈടാക്കിയിട്ടുള്ളതുമാണ്. പ്രസ്തുത മൂന്നു നില കെട്ടിടത്തിന് Fire NOC ലഭ്യമായിട്ടുണ്ടോയെന്നും മുകളിലേക്കുള്ള ഗോവണിക്ക് ഹാൻഡ് റെയ്ൽ സ്ഥാപിച്ചിട്ടുണ്ടോ എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/2019 - 20/16.08.21) മറുപടി ലഭ്യമാക്കിയില്ല.

പെർമിറ്റ് രജിസ്റ്ററിന്റെ 16, 17, 18, 19 എന്നീ പേജുകളിൽ രേഖപ്പെടുത്തൽ വരുത്താതെ ഒഴിച്ചിട്ടിരിക്കുന്നതായി കാണുന്നു. തുടർന്ന് 2019 -20 ലെ ഡി.സി.ബി. പതിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഡി.സി.ബി. അക്കൗണ്ട്സുമായി പൊരുത്തപ്പെടുന്നില്ല. ആയത് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ആധികാരികമല്ലാത്ത വിധം പേജുകൾ ഒഴിച്ചിടുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 1-20 തൊഴിലുറപ്പ് പദ്ധതി അവലോകനം

2019 -20 വർഷത്തിൽ പാവറട്ടി പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ വരവ് | 13016394.50 |
| ആകെ ചെലവ് | 13016466.50 |
| നീക്കിയിരുപ്പ് | 278 |
| തൊഴിൽ ലഭ്യമാക്കിയ കുടുംബങ്ങളുടെ എണ്ണം | 529 |
| നൂറ് തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങൾ | 189 |
| വിഭാവനം ചെയ്ത പദ്ധതികൾ | 161 |
| പൂർത്തിയാക്കിയ പദ്ധതികൾ | 153 |
| വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | 2032 |
| സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 39314 |

ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ 95 ശതമാനം പൂർത്തിയാക്കിയതായും മൊത്തം അടങ്കൽ തുകയുടെ 99% ചെലവഴിച്ചതായും കാണുന്നു, തൊഴിൽ ലഭ്യമാക്കിയ 529 കുടുംബങ്ങളിൽ കോവിഡ് മഹാമാരിയുടെ കാലത്ത് തൊഴിൽ നഷ്ടം ഉണ്ടായിട്ടുള്ള സാഹചര്യത്തിലും നൂറ് ദിനം പൂർത്തിയാക്കിയത് കേവലം 189 കുടുംബങ്ങൾ മാത്രമാണെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് .

വരും വർഷങ്ങളിൽ നൂറ് ദിനം പൂർത്തിയാക്കുന്ന കുടുംബങ്ങൾ കൂടുതൽ ഉണ്ടാകാനും, വൈവിദ്ധ്യമുള്ള പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ലോഗ് ബുക്ക് പരിപാലനം -അപാകതകൾ

പഞ്ചായത്തിന്റെ ഉപയോഗത്തിലിരിക്കുന്ന കെ.എൽ 46 -ജെ -2473 ബൊലറൊ ജീപ്പിന്റെ ലോഗ് ബുക്ക്, റിപ്പയർ രജിസ്റ്റർ, ഫ്യുവൽ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) വാഹനത്തിൽ ഇന്ധനം നിറക്കുന്നത് ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. തന്മൂലം ഇന്ധനം നിറക്കുന്നത് ചട്ടപ്രകാരം ഫുൾടാങ്ക് കപ്പാസിറ്റിയിലാണെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) വാഹനത്തിന്റെ പ്രതിമാസ സംഗ്രഹം എഴുതി സൂക്ഷിക്കുന്നില്ല.

3) കോവിഡ് പശ്ചാത്തലത്തിൽ ഇന്ധനക്ഷമതാ പരിശോധന നടത്താത്ത സാഹചര്യത്തിൽ ഇന്ധന ഉപയോഗത്തിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

മേൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിച്ച് ലോഗ്ബുക്കും മറ്റ് അനുബന്ധ രജിസ്റ്ററുകളും കൃത്യമായി എഴുതി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-22 അംഗൻവാടികളുടെ പ്രവർത്തനം - അവലോകനം

പാവറട്ടി പഞ്ചായത്തിൽ നിലവിൽ ഇരുപത്തിമൂന്ന് അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ആയതിൽ സ്വന്തമായി കെട്ടിടമുള്ളത് പതിനൊന്നെണ്ണത്തിനാണ്, വാടക കെട്ടിടത്തിൽ പന്ത്രണ്ടെണ്ണം പ്രവർത്തിക്കുന്നു. ഒമ്പതെണ്ണത്തിന് ചുറ്റുമതിലുണ്ട്. എല്ലായിടത്തും ധാന്യസംഭരണിയും, ശൗച്യാലയങ്ങളും എൽ.പി.ജി.കണക്ഷനുമുണ്ട്. വാട്ടർ കണക്ഷനുള്ളത് കേവലം ഒരെണ്ണത്തിനാണ്. ബാക്കിയെല്ലായിടത്തും കിണർ വെള്ളം ഉപയോഗിക്കുന്നു. ബേബിഫ്രണ്ട്ലിയായ അഞ്ച് അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. പോഷകാഹാരവിതരണം ഫലപ്രദമാണെന്നുവിലയിരുത്തുന്നതിനായി എല്ലായിടത്തും നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ച് യോഗങ്ങൾ കൂടാറുണ്ടെന്നത് സ്വാഗതാർഹമാണ്. എന്നാൽ ടി അംഗൻവാടികൾക്ക് ബന്ധപ്പെട്ട എഞ്ചിനീയറുടെ സുരക്ഷാ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലായെന്നത് ഓഡിറ്റ് ഗൗരവമായി കാണുന്നു. ടി സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ കൈകൊള്ളേണ്ടതാണ്.

## 1-23 പദ്ധതിപ്രകാരം മാറ്റിയ പഴയ മോട്ടോർ- തുടർനടപടി സ്വീകരിക്കേണ്ടതാണ്

പദ്ധതി നമ്പർ –203/19-20

ഒന്നാം വാർഡിലെ മരുതയൂർ എസ്.സി സെറ്റിൽമെന്റ് കോളനി കുടിവെള്ള പദ്ധതി – മോട്ടോർ മാറ്റി സ്ഥാപിക്കൽ.

അടങ്കൽ – 30,000/-

ചെലവ്- 24,994/-

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.സെക്രട്ടറി

ട്രഷറി ബിൽ നമ്പർ : 6/21-1-20

മേൽ പദ്ധതി പ്രകാരം ധനകാര്യ കമ്മീഷൻ ഫണ്ട് ഉപയോഗപ്പെടുത്തി പഴയ മോട്ടോർ നീക്കം ചെയ്ത് പുതിയ മോട്ടോർ മാറ്റി സ്ഥാപിച്ചിട്ടുണ്ട്, മാറ്റിയ പഴയ മോട്ടോർ ഇപ്പോഴും പ്രവർത്തനക്ഷമമാണെന്നും എന്നാൽ ശേഷിയിൽ കുറവ് വന്നിട്ടുണ്ടെന്നും, ആയത് ഇപ്പോഴും മോട്ടോർ ഷെഡിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണെന്നുമാണ് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 1/16-8-21 ന് മറുപടി നൽകിയിരിക്കുന്നത്.

ടി.മോട്ടോർ കുറഞ്ഞ ശേഷി ആവശ്യമുള്ള മറ്റിടങ്ങളിൽ മാറ്റി സ്ഥാപിക്കുകയോ, അല്ലെങ്കിൽ 11/4/13 തിയ്യതിയിലെ സ.ഉ. (ആർ.ടി) 986/13 ത.സ്വ.ഭ.വ. പ്രകാരം ലേലം ചെയ്യുകയോ വേണ്ടതാണ്.

## 1-24 ഹോമിയോ മരുന്നുകൾ ലഭ്യമായില്ല

പദ്ധതി നമ്പർ –60/18-19

ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ പി.എച്ച്.സി.

അടങ്കൽ : 1,53,000/-

ചെലവ് : 1,53,000/-

ട്രഷറി ബിൽ നമ്പർ 07/20-10-20

മേൽ പദ്ധതി പ്രകാരം ഹോമിയോ മരുന്ന് ലഭ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 1,53,000 രൂപ റസീറ്റ് നമ്പർ 3390/4-11-20 പ്രകാരം നൽകിയിട്ടുണ്ട്, എന്നാൽ നാളിതുവരെയായി ടി മരുന്നുകൾ ലഭ്യമായിട്ടില്ല. ടി.കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 2ന് ലഭ്യമാക്കിയ മറുപടി പ്രകാരം മരുന്നുകൾ ലഭ്യമായിട്ടില്ലെന്നറിയിച്ചിട്ടുണ്ട്. ടി.കാര്യത്തിന് പ്രസ്തുത സ്ഥാപനത്തിന് ആവശ്യമായ ഓർമ്മ കുറിപ്പുകൾ നൽകി മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവഴിച്ച തുക 153000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-25 പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേഗത കുറവ്

പാവറട്ടി ഗ്രാമ പഞ്ചായത്ത് പ്രവർത്തിച്ചിരുന്ന കെട്ടിടം അപകടാവസ്ഥയിലായിരുന്നതിനെ തുടർന്ന് പഞ്ചായത്ത് ഡയറക്ടറുടെ 5.7.17 ലെ സി6 –45050/16 ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2017 സെപ്റ്റംബർ മാസം മുതൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രതിമാസം 36389/ - രൂപ വാടക ഇനത്തിൽ കെട്ടിട ഉടമസ്ഥന് നൽകി വരുന്നു. പാവറട്ടി ഗ്രാമ പഞ്ചായത്ത് ബസ് സ്റ്റാൻറിൽ തന്നെ പുതിയ പഞ്ചായത്ത് കെട്ടിടത്തിന്റെ പണി നടക്കുന്നുണ്ടെങ്കിലും പ്രവർത്തന പുരോഗതി മന്ദഗതിയിലാണ്. നിലവിൽ ബസ് സ്റ്റാന്റ് പാർക്കിംഗ് ഫീ ഇനത്തിൽ ജനങ്ങളിൽ നിന്നും പണം പിരിക്കുന്നുണ്ട്. ആയതിന് വേണ്ട സൗകര്യങ്ങൾ ഒന്നും തന്നെ ഒരുക്കിയിട്ടില്ല. പഞ്ചായത്ത് കെട്ടിട നിർമ്മാണത്തിനായി കൊണ്ടുവന്ന മെറ്റലും മണലും അലക്ഷ്യമായി ബസ് സ്റ്റാന്റ് പരിസരത്ത് കൂട്ടിയിട്ടിരിക്കുകയാണ്. ഇത് ജനങ്ങൾക്കും, വാഹനങ്ങൾക്കും അസൗകര്യം ഉണ്ടാക്കുന്നു. പഞ്ചായത്ത് കെട്ടിട നിർമ്മാണ പ്രവൃത്തികൾ നിലവിലെ ഒച്ച് വേഗതയിൽ നിന്നും കുതിര വേഗതയിലേക്ക് മാറേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ആയതിന് വേണ്ട നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതും, കൂട്ടായ പരിശ്രമത്തിലൂടെ സ്വന്തമായ പഞ്ചായത്ത് കെട്ടിടം എന്ന സ്വപ്നം എത്രയും വേഗം സാക്ഷാൽക്കരിക്കുന്നതിന് ബന്ധപ്പെട്ട ഭരണ സമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-26 പൊതുമരാമത്ത് പ്രവൃത്തികൾ -പൊതു വിവരങ്ങൾ

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2019 -20 വർഷത്തിൽ 34 പ്രോജക്ടുകളാണ് നടപ്പാക്കിയിട്ടുള്ളത്. തൻവർഷം 87 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടായിരുന്നു. അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 53 പ്രോജക്ടുകൾ തൻവർഷം നടപ്പാക്കിയില്ല. 39% പ്രവൃത്തികൾ മാത്രമാണ് ചെയ്തിട്ടുള്ളത്. അംഗീകാരം ലഭിച്ച പ്രോജക്ടുകൾ പൂർണ്ണമായും നടപ്പിലാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തൻവർഷം ആകെ അടങ്കൽ - 22697684/- രൂപയും, ആകെ ചെലവ് - 6668357/- രൂപയുമാണ്. ആകെ പ്രവൃത്തികളുടെ ചെലവ് ശതമാനം 29.38% ആണ്. മുഖ്യമായും റോഡ് നിർമ്മാണ പ്രവൃത്തികൾ,

ടാറിംഗ്, റീടാറിംഗ്, കാന നിർമ്മാണ പ്രവൃത്തികളാണ് എന്നിവയാണ് ചെയ്തിട്ടുള്ളത്. മത്സരാധിഷ്ഠിത ടെണ്ടർ നടപടിക്രമ സംവിധാനം ഗ്രാമപഞ്ചായത്തിൽ ഫലപ്രദമായി നടപ്പാകുന്നില്ല. ടെണ്ടർ ക്ഷണിച്ചാലും ആയതിൽ പങ്കെടുക്കാൻ കരാറുകാർ ഇല്ലാത്തതിനാൽ റീ ടെണ്ടർ നടപടികളിലേക്ക് പോകുന്ന സാഹചര്യവും പിന്നീട് ക്വട്ടേഷൻ നടപടിക്രമത്തിലൂടെയെല്ലാം പല പ്രവൃത്തികളും ഏറ്റെടുത്ത് നടത്തി പൂർത്തീകരിച്ച് വരികയുമാണ് ചെയ്യുന്നത്. മത്സരാധിഷ്ഠിത ടെണ്ടർ നടപടിക്രമങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതും ആയതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പ്രോജക്ട് നിർവ്വഹണ, പൂർത്തികരണ ഘട്ടങ്ങളിൽ മോണിട്ടറിംഗ് കമ്മിറ്റികളുടെ ഇടപെടലുകൾ ഫലപ്രദമായി നടപ്പാകുന്നില്ല. അംഗീകാരം ലഭിച്ച പല പ്രോജക്ടുകളും സ്പിൽ ഓവർ ആക്കി തൊട്ടടുത്ത വർഷം നടപ്പാക്കുന്നതായി കാണുന്നു. മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട എഗ്രിമെന്റ് രജിസ്റ്റർ, ടെണ്ടർ രജിസ്റ്റർ എന്നിവയിൽ ആവശ്യപ്പെടുന്ന കോളങ്ങളിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ ചെയ്യുന്നില്ല. കാഷ് ബുക്ക് TR 7A മാതൃകയിൽ എഴുതി സൂക്ഷിക്കുന്നില്ല. മുകളിൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിക്കേണ്ടതും ആയതിന് മറുപടി നൽകേണ്ടതുമാണ്.

## 1-27 ഹെഡ്മിസ്ട്രസ് നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

സാക്ഷരത – ഹയർസെക്കന്ററി തുല്യത - കൈപ്പറ്റു രശീതി, തുടർ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

1. പ്രോജക്റ്റ് –So 138/2020

ഫണ്ട് - തനത് ഫണ്ട്

അടങ്കൽ –22000/-

ചെലവ് –17600/-

ചെക്ക്നം – 6113206/19-12-19

2. പ്രോജക്റ്റ് – So 186/2020

ഫണ്ട് – വികസന ഫണ്ട്

ചെലവ് – 22000/-

ട്രഷറിബിൽ - 5/16-12-19

സാക്ഷരത – ഹയർസെക്കന്ററി തുല്യത പരീക്ഷ കോഴ്സ് ഫീസിനത്തിൽ മേൽ തുകകൾ ജില്ല സാക്ഷരത മിഷന് കൈമാറിയിട്ടുണ്ട്. കൈപ്പറ്റു രശീതി, തുകയുടെ വിനിയോഗ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. കൈപ്പറ്റ് രശീതിയുടെ അഭാവത്താൽ 20,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-28 3,48,500/- രൂപ ചെലവഴിച്ച് ഗ്രാമ പഞ്ചായത്ത് ബസ് സ്റ്റാൻഡിൽ സ്ഥാപിച്ച വാട്ടർ എ.ടി.എം പ്രവർത്തിക്കുന്നില്ല

നിർവഹണ ഉദ്യോഗസ്ഥ – സെക്രട്ടറി

പ്രോജക്റ്റ് – So 202/19

ഫണ്ട് – ധനകാര്യ കമ്മീഷൻ ഗ്രാന്റ്

അടങ്കൽ - 350000/-

ചെലവ് - 348500/-

ട്രഷറി ബിൽ - 9/29-6-19

പാവറട്ടി ഗ്രാമ പഞ്ചായത്ത് ബസ് സ്റ്റാൻഡിൽ വാട്ടർ എ.ടി.എം സ്ഥാപിക്കുന്നതിനായി ടെണ്ടർ ലഭിച്ച വാട്ടർ വേൾഡ് കൺസൾട്ടൻസി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 16.2.2019 ലെ 1/3 നമ്പറായി ഗ്രാമ പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുകയും, സ്ഥാപനവുമായി 28.2.2019 ൽ കരാറിലേർപ്പെടുകയും ചെയ്തു. (കരാർ നം. 59) ഗ്രാമ പഞ്ചായത്ത് ബസ് സ്റ്റാൻഡിൽ വാട്ടർ എ.ടി.എം സ്ഥാപിച്ച ഇനത്തിൽ വാട്ടർ വേൾഡ് കൺസൾട്ടൻസിക്ക് മേൽ തുക കൈമാറുകയും ചെയ്തു.

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. സ്റ്റോർ പർച്ചേയ്സ് മാന്വൽ 2013.സ.ഉ.(പി)നം.3/2013/എസ്.പി.ഡി. തീയതി. 21.6.2013, ഖണ്ഡിക 9-63, ഖണ്ഡിക 9-72 എന്നിവ പ്രകാരം മെഷിനറികൾ, ഇലക്ട്രിക്, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ മുതലായവയുടെ പിഴവില്ലാത്ത സേവനത്തിന് വാറണ്ടി കാലയളവ് കഴിഞ്ഞതിനുശേഷം അറ്റകുറ്റപ്പണികളുള്ള കരാറിൽ ഏർപ്പെടാവുന്നതാണ്. എന്നാൽ വാറന്റി കാലാവധി സംബന്ധിച്ച് കരാറിൽ പരാമർശിക്കുന്നില്ല.
2. വാട്ടർ എ.ടി.എം കിയോസ്ക് 250 LPH RO And Water Winding Machine With Two Dispensers എന്നിവ അടങ്ങുന്ന ഒരു യൂണിറ്റാണ്. വാട്ടർ എ.ടി.എം തുടർ പരിപാലനത്തിനായി വാട്ടർ വേൾഡ് കൺസൾട്ടൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.
3. വാട്ടർ എ.ടി.എം ഇൻസ്റ്റലേഷനുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ മാത്രമാണ് കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വാട്ടർ എ.ടി.എം കൗണ്ടർ കളക്ഷൻ പരിശോധിച്ചതിൽ (2-10-2019 മുതൽ 11-9-2020 വരെ) കളക്ഷൻ 2490 രൂപ മാത്രമാണ്. തുടർന്ന് ഈയിനത്തിൽ വരവില്ല.

പഞ്ചായത്ത് ബിൽഡിംഗിനു മുൻ വശത്തെ ബസ് സ്റ്റാൻഡിൽ സ്ഥാപിച്ചിട്ടുള്ള വാട്ടർ എ.ടി.എം കിയോസ്ക് നിലവിൽ പ്രവർത്തനക്ഷമമല്ല എന്ന് സ്ഥല പരിശോധനയിൽ കണ്ടു. വാട്ടർ എ.ടി.എം പ്രവർത്തനക്ഷമമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 നിർവഹണ ഏജൻസിക്ക് അഡ്വാൻസ് കൈമാറി രണ്ട് വർഷത്തിൽ അധികരിച്ചിട്ടും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥ – സെക്രട്ടറി

പ്രോജക്റ്റ് So - 198/19 ; SO/131/20, പി.എച്ച്.സി.യിൽ കമ്പോസ്റ്റ് റിംഗ് യൂണിറ്റ് (തുമ്പൂർമുഴി മോഡൽ)

അടങ്കൽ -200000/-

ഫണ്ട് – ശുചിത്വ മിഷൻ ഫണ്ട്

ഭരണാനുമതി - 1(4) 11-9-2018

സാങ്കേതികാനുമതി - 1/5- 16-2-2019

നിർവഹണ ഏജൻസി - കോസ്റ്റ്ഫോർഡ്

പാവറട്ടി ഗ്രാമപഞ്ചായത്ത് പി.എച്ച്.സി.യിൽ കമ്പോസ്റ്റിംഗ് യൂണിറ്റ് (തുമ്പൂർമുഴി മോഡൽ) സ്ഥാപിക്കുന്നതിനായി 200000/- രൂപ വകയിരുത്തിയിരുന്ന പദ്ധതിയുടെ നടത്തിപ്പിനായി നിർവഹണ ഏജൻസിയായ കോസ്റ്റ്ഫോർഡുമായി കരാറിലേർപ്പെട്ടു. (എഗ്രിമെന്റ് നം. 1466/2-3-2019) കരാറിലെ വ്യവസ്ഥ 5 പ്രകാരം നാല് ഗഡുക്കളായാണ് തുക കൈമാറേണ്ടത്. ആദ്യ ഗഡുവായ 40000 രൂപ (ആകെ തുകയുടെ 20%) കരാറിലേർപ്പെട്ടയുടൻ കൈമാറേണ്ടതിനാൽ തുക കോസ്റ്റ്ഫോർഡിന് കൈമാറി. (ചെക്ക് നം. 123908 തീയതി. 19-3-19) കരാറിലെ വ്യവസ്ഥ 6 പ്രകാരം കരാറിലേർപ്പെട്ട് 7 ദിവസത്തിനകം സൈറ്റ് കോസ്റ്റ്ഫോർഡിന് കൈമാറേണ്ടതായിരുന്നു. എന്നാൽ അഡ്വാൻസ് നൽകി നാളിതു വരെ കമ്പോസ്റ്റിംഗ് യൂണിറ്റ് പണി ആരംഭിച്ചിട്ടില്ല.

ആരോഗ്യ വകുപ്പിന്റെ സ്ഥലത്ത് മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകാനാവില്ലെന്ന് ആരോഗ്യ വകുപ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ 23-12-2019 ൽ അറിയിച്ചിട്ടുണ്ട്. ഏന്നാൽ തുടർ നടപടികൾ സ്വീകരിച്ചു കാണുന്നില്ല. അനിവാര്യമായ അനുമതി തേടാതെ പദ്ധതി നടപ്പിലാക്കാൻ ശ്രമിച്ചത് ശരിയായ നടപടിയല്ല. പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടെങ്കിൽ നിർവഹണ ഏജൻസിയിൽ നിന്ന് അഡ്വാൻസ് തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 തീരദേശ മേഖല സർവെ - ജില്ല സർവെ വകുപ്പിൽ നിന്ന് തുക തിരികെ ഈടാക്കി വികസന ഫണ്ടിൽ അടവാക്കിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥ – സെക്രട്ടറി

പ്രോജക്റ്റ് - 122/20 തീരദേശ മേഖല അളന്നു തിട്ടപ്പെടുത്തലും അതിർത്തി സ്ഥാപിക്കലും

ഫണ്ട് –വികസന ഫണ്ട് –93600, തനത് ഫണ്ട് –982902

ചെലവ് –40000

ട്രഷറി ബിൽ - 3/29.5.19

വെമ്പനാട് പുഴ (സർവെ നം -119/2) സർവെക്കായി ജില്ല സർവെ വകുപ്പിന് 40000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ 36172 രൂപയാണ് ചെലവു വന്നിട്ടുള്ളത്.

അധികമായി നൽകിയിട്ടുള്ള 3828 രൂപ തിരികെ ഈടാക്കി വികസന ഫണ്ടിൽ അടവാക്കേണ്ടതാണ്. 2020 -21 വർഷത്തിൽ പദ്ധതി സ്പിൽ ഓവറായി വെച്ചിട്ടുണ്ടെങ്കിലും ഈയിനത്തിൽ ചെലവു വന്നതായിക്കാണുന്നില്ല. സർവെ പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

## 1-31 ഡെപ്പോസിറ്റ് പ്രവൃത്തി - കെ.എസ്.ഇ.ബിയുമായി കരാർ വെച്ചിട്ടില്ല, പൂർത്തീകരണ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥ – സെക്രട്ടറി

പ്രോജക്റ്റ് നം – 93/20
പ്രോജക്റ്റ് –ആസാദ് റോഡ് നടവഴി സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ

ഫണ്ട് – വികസനഫണ്ട് - 100000/-

ചെലവ് – 96358/-

ട്രഷറി ബിൽ –45/3.3.2020

അസിസ്റ്റൻറ് എഞ്ചിനീയർ കെ.എസ്.ഇ.ബി. പാവറട്ടിക്ക് മേൽ തുക കരാർ ചമയ്ക്കാതെയാണ് കൈമാറിയിട്ടുള്ളത്. പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. കരാർ ചമയ്ക്കാതെ തുക കൈമാറിയതിനാൽ 100000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-32 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായ താഴെക്കൊടുത്തിരിക്കുന്ന പ്രോജക്റ്റുകൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

1. ഐ.കെ.എം. വിഹിതം

പ്രോജക്റ്റ് –4/2020

ഫണ്ട് - വികസന ഫണ്ട്

ചെലവ് - 46085

ട്രഷറി ബിൽ - 12/20-8-19

2. എ ബി സി പ്രോഗ്രാം വിഹിതം

പ്രോജക്റ്റ് - So 163/20

ഫണ്ട് – വികസനഫണ്ട്

അടങ്കൽ - 75000 ചെലവ് 52500

ട്രഷറി ബിൽ –28/10-10-2019
വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-33 കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം- ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല

1). നിർവഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ
പദ്ധതി നം. 94/20
ബിൽ നം. JS 1/19-20/20.9.19, തുക - 49000/-

JS 2/19-20/18.10.19, തുക - 49000/-
JS 3/19-20/26.10.19, തുക - 49000/-

JS 6/19-20/30.1.20, തുക - 253000/-

പദ്ധതി പ്രകാരം 50 ഗുണഭോക്താക്കൾക്ക് 8 മാസം കാലിത്തീറ്റ വിതരണം നടത്തുന്നതിനാണ് ലക്ഷ്യം വെച്ചിരുന്നത്. ആയത് പ്രകാരം 400000 രൂപ പ്ലാൻ ഫണ്ടും 512000 രൂപ ഗുണഭോക്തൃവിഹിതവും ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം ലഭ്യമായതിന്റെ ചെക്ക് നമ്പർ /വൗച്ചർ നമ്പർ ന്റെ വിശദാംശങ്ങൾ

ലഭ്യമാക്കിയിട്ടില്ല.

കാലിത്തീറ്റ വിതരണം ക്ഷീരസഹകരണ സംഘം മുഖേനയാണ് നടത്തേണ്ടത് എന്ന് മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരമാണ് വിതരണം നടത്തിയത് എന്ന് പരിശോധിക്കുന്നതിന് യാതൊരു രേഖയും ലഭ്യമല്ല.

2). കറവപ്പശുക്കൾക്ക് കാലിത്തീറ്റ എന്ന സ്പിൽ ഓവർ പദ്ധതി പ്രകാരം (പ്രോജക്ട് നം. 201/20) പദ്ധതി ചെലവ് 4158 രൂപ കാണിച്ചിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. (എൻക്വയറി നമ്പർ. 20/13.08.21)
ചെലവ് രേഖകളുടെ അഭാവത്തിൽ 400000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-34 ആട്ട വളർത്തൽ പദ്ധതി - ജനറൽ (വനിത)- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

നിർവഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ
പദ്ധതി നം. 102/20

ബിൽ നം. JS 12/19-20/30.3.20, തുക - 117000/-

പദ്ധതി പ്രകാരം 38 ഗുണഭോക്താക്കൾക്ക് 3 ആട്ടുകളെ വീതം വാങ്ങിയ വകയിൽ 9000 രൂപ സബ്സിഡി തുക വിറ്റയാളുടെ അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്തിരിക്കുന്നത്. വനിത ഘടക പദ്ധതിയിൽ ഉൾപ്പെട്ട ഈ പദ്ധതി പ്രകാരം ഉമ്മർ എൻ വി, നാലകത്ത് പള്ളത്ത് വീട്, പൈങ്കണ്ണിയൂർ എന്നയാളെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിയതായി കാണുന്നു. മുഹമ്മദ്. പി എ, പുതിവീട്ടിൽ, തൊയക്കാവ് എന്നയാളിൽ നിന്നും മൂന്നു മലബാറി സങ്കരയിനത്തിൽപ്പെട്ട ആട്ടുകളെ വാങ്ങിയ വകയിൽ മുഹമ്മദിന്റെ അക്കൗണ്ടിലേക്കാണ് തുക കൈമാറിയിരിക്കുന്നത്.

പദ്ധതി മാർഗ്ഗരേഖയിൽ വനിത ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്ന പദ്ധതികളെക്കുറിച്ച് വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിന് വിരുദ്ധമായി മേൽ പ്രകാരം തുക ചെലവഴിച്ചതിനാൽ ചെലവ് തുക 9000 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-35 അടുക്കളമുറ്റത്തെ കോഴി വളർത്തൽ - ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ
1) അടുക്കളമുറ്റത്തെ കോഴി വളർത്തൽ (എസ് സി)

പദ്ധതി നം : 107/20

ബിൽ നം : JS 16/19-20/25.2.20, തുക - 22500/-

ബിൽ നം : JS 23/19-20/31.3.20, തുക - 6750/-

ഗുണഭോക്തൃ വിഹിതം : 13650/-
ആകെ ചെലവ് : 42900/-

പദ്ധതി പ്രകാരം ടൂലൈൻ ഫാം, ഗ്രീൻ ഗാർഡൻ പോൾട്ടി ഫാം എന്നീ രണ്ട് സ്ഥാപനങ്ങളിൽ നിന്നാണ് കോഴിക്കുഞ്ഞുങ്ങളെ വാങ്ങി വിതരണം നടത്തിയിരിക്കുന്നത്. സ്ഥാപനങ്ങളുടെ ഇൻവോയ്സുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെയോ, എത്ര ഗുണഭോക്താക്കൾക്ക് വിതരണം നടത്തി എന്നതിന്റെയോ രേഖകളും ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃ വിഹിതം ലഭ്യമായതിന്റെ വൗച്ചർ / ചെക്ക് നമ്പറിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2) അടുക്കളമുറ്റത്തെ കോഴി വളർത്തൽ (ജനറൽ)

പദ്ധതി നം : 105/20

ബിൽ നം : JS 15/19-20/25.2.20 തുക - 14000/-

ബിൽ നം : JS 22/19-20/31.3.20 തുക - 16000/-

ബിൽ നം : JS 11/19-20/14.2.20 തുക - 27500/-

ഗുണഭോക്തൃ വിഹിതം : 69000/-
ആകെ ചെലവ് : 126500/-

പദ്ധതി പ്രകാരം ടൂലൈൻ ഫാം, ഗ്രീൻ ഗാർഡൻ പോൾട്ടി ഫാം എന്നീ രണ്ട് സ്ഥാപനങ്ങളിൽ നിന്നാണ് കോഴിക്കുഞ്ഞുങ്ങളെ വാങ്ങി വിതരണം നടത്തിയിരിക്കുന്നത്. കോഴിക്കുഞ്ഞുങ്ങളെ വിതരണം നടത്തിയ വകയിൽ ടൂ ലൈൻ ഫാം എന്ന സ്ഥാപനത്തിന് 85800 രൂപയും ഗ്രീൻ ഗാർഡൻ പോൾട്ടി ഫാം എന്ന സ്ഥാപനത്തിന് 40700 രൂപയും അനുവദിച്ചിട്ടുണ്ട്. ടൂലൈൻ ഫാം എന്ന സ്ഥാപനത്തിൽ നിന്നും 280 കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയതിന്റെ ഇൻവോയ്സ് (തുക 30800) മാത്രമാണ് ലഭ്യമാക്കിയത്. സ്ഥാപനങ്ങൾ എത്ര എണ്ണം വിതരണം ചെയ്തു എന്നതിന്റെ വിവരം ലഭ്യമല്ല. സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകളുമില്ല. എത്ര ഗുണഭോക്താക്കൾക്ക് അനുവദിച്ചു എന്നും ഫയലില്ല. ഗുണഭോക്തൃ വിഹിതം ലഭ്യമായതിന്റെ വൗച്ചർ / ചെക്ക് നമ്പറിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ചെലവ് രേഖകളുടെ അഭാവത്തിൽ 86750 രൂപ തടസ്സത്തിൽ വെയ്ക്കുന്നു. (എൻകയറി നമ്പർ. 20/13.08.21)

## 1-36 മൃഗാശുപത്രിയിലേക്ക് മരുന്നു വാങ്ങൽ - സ്റ്റോക്ക് രജിസ്റ്റർ, കമ്മിറ്റി തീരുമാനം എന്നിവ ലഭ്യമല്ല.

നിർവഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ
പദ്ധതി നം : 15/20

ബിൽ നം : JS 7/19-20/18.1.20, തുക - 100000/-

പദ്ധതി പ്രകാരം ലിമിറ്റഡ് ടെണ്ടർ മുഖേന വിഷ്ണു മെഡിക്കൽ ഏജൻസീസ്, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. എന്നാൽ സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച തീരുമാനം, പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം, എന്നിവ ലഭ്യമല്ല. മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങളുടെ അഭാവത്തിൽ 100000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-37 ലൈഫ് ഭവന പദ്ധതി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

2019 -20 സാമ്പത്തിക വർഷത്തിൽ വി ഇ ഒ നടപ്പിലാക്കിയ ലൈഫ് (ജനറൽ) എന്ന പദ്ധതി പ്രകാരം (പദ്ധതി നം. 178/20) പദ്ധതിയിലെ ഗുണഭോക്താവായ ശ്രീമതി. ഷീബ സുബ്രഹ്മണ്യൻ എന്ന വ്യക്തിയ്ക്ക് ലോൺ വിഹിതമായി 100000 രൂപ തൻ വർഷം അനുവദിച്ചിട്ടുണ്ട്. (ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.)

5.9.19 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം 2/2 പ്രകാരം ഒന്നാം വാർഡിലെ ലൈഫ് ഗുണഭോക്താവായ ശ്രീമതി. ഷീബ മേലേക്കോട്ട് എന്ന വ്യക്തി കരാറിലേർപ്പെട്ട് (കരാർ തിയതി. 20.8.18) 3/19 ൽ ഭവന നിർമ്മാണം പൂർത്തീകരിച്ചതായും ഇതിനായി 3 ലക്ഷം ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. വീട് പണിയുന്ന ഭാഗം ഗുരുവായൂർ മുനിസിപ്പാലിറ്റിയിലെ തൈക്കാട് വില്ലേജിൽപ്പെടുന്ന സ്ഥലമായതിനാൽ അവസാനഗഡു നൽകിയിട്ടില്ല എന്നും വീട് നമ്പർ നൽകാൻ സാധിക്കാതിരിക്കുന്നതായും വി ഇ ഒ അറിയിച്ചിട്ടുണ്ട്. നിലവിൽ തൈക്കാട് വില്ലേജ് പാവറട്ടി പഞ്ചായത്തിൽ അല്ലാത്തതിനാൽ നമ്പർ നൽകാൻ സാധ്യമല്ല എന്നും, സർക്കാരിൽ നിന്നും വ്യക്തത ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്.

ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് മേൽ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 15/12.8.20), ഗുണഭോക്താവിന് പഞ്ചായത്തിൽ നിന്നും 13.7.18 ൽ എ2-3076/18 നമ്പറായി നിർമ്മാണാനുമതി നൽകുകയും ഗുണഭോക്താവ് എല്ലാ രേഖകളിലും പാവറട്ടി പഞ്ചായത്തിലെ സ്ഥിരതാമസക്കാരിയായതിനാൽ കരാറിലേർപ്പെട്ട് നിർമ്മാണം ആരംഭിക്കുകയും 3 ഗഡുക്കൾ അനുവദിക്കുകയും 3/19 ന് നിർമ്മാണം പൂർത്തീകരിച്ച് നമ്പറിങ്ങിനായി അപേക്ഷ സമർപ്പിച്ചപ്പോൾ മാത്രമാണ് പഞ്ചായത്തിന്റെ വില്ലേജ് ലിസ്റ്റിൽ വരാത്തതിനാൽ വീട്ട് നമ്പർ നൽകാൻ സാധിക്കില്ലെന്ന് അറിയിച്ചതായും ഭവനനിർമ്മാണത്തിന്റെ അവസാന ഗഡു നൽകുന്നതിന് വീട്ട് നമ്പർ നിർബന്ധമില്ല എന്ന ലൈഫ് മിഷന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും, എഞ്ചിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലും അവസാന ഗഡു നൽകിയതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിർമ്മാണാനുമതി സംബന്ധിച്ച് അപേക്ഷ സമർപ്പിച്ച സമയത്ത് ഗ്രാമപഞ്ചായത്തിന്റെ വില്ലേജ് ലിസ്റ്റിൽ ഉൾപ്പെട്ടവരാണോ ഇവർ എന്ന് ഉറപ്പാക്കിയിരുന്നെങ്കിൽ തുടർന്നുണ്ടായ സങ്കീർണ്ണതകളെല്ലാം ഒഴിവാക്കാമായിരുന്നു.

നമ്പർ നൽകുന്നതുമായി ബന്ധപ്പെട്ട്, സർക്കാരിൽ നിന്നും വ്യക്തത ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുക എന്ന പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൻമേൽ അനന്തരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 500000 | കണ്ടുകടവ് പാലത്തിൽ തെരുവ് വിളക്ക് | 0 | 500000 |
| | 2019-20 | 100000 | പെയിൻ & പാലിയേറ്റീവ് | 100000 | 0 |
| | 2019-20 | 74080 | ഭിന്നശേഷി ഉപകരണങ്ങൾ | 0 | 74080 |
| | 2019-20 | 40000 | ആശ്രയ | 40000 | 0 |
| | 2019-20 | 200000 | ഭിന്നശേഷി സ്കോളർഷിപ്പ് | 200000 | 0 |
| | 2019-20 | 64080 | വൃദ്ധർക്ക് ഉപകരണങ്ങൾ | 60030 | 4050 |
| | 2019-20 | 485000 | വൃദ്ധർക്ക് കട്ടിൽ | 485000 | 0 |

വാർഷിക കണക്കുകളിലെ B4 - പട്ടിക പ്രകാരം ജില്ലാ പഞ്ചായത്ത് ഫണ്ട് വിഹിതത്തിൽ വിനിയോഗിക്കാൻ ബാക്കി നില്ക്കുന്നത് 418130/- രൂപയാണ്. 160000 രൂപ നീക്കിയിരിപ്പിൽ വ്യത്യാസം വന്നതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കോസ്റ്റ്ഫോർഡ് | കമ്പോസ്റ്റ് യൂണിറ്റ് | 143043/21900805, 143139/21901169,21901170 | 2,41,875 | 0 | 2,41,875 |

വാർഷിക കണക്ക പ്രകാരം കോസ്റ്റ് ഫോർഡിന് നൽകിയ തുകയിൽ 361875/- രൂപ ചെലവഴിക്കാൻ ബാക്കിയുണ്ട്. ഈ തുകയിൽ കഴിഞ്ഞ വർഷം നൽകിയ

120000/- രൂപ കൂടി ഉൾപ്പെടുന്നതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 സ്ഥിര നിക്ഷേപം

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പതുകയുടെയും വിശദവിവരം

| വായ്പയുടെ പേര്/ഉദ്ദേശം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | LSGD DBI/752/2018 Dtd 18/02/2019 | 5141925 | 5141925 | 397059 | | 4744866 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്ത് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,71,91,042 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,45,11,982 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,68,750 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 1,53,000 | ഡോ. മരിയ ടോം., മെഡിക്കൽ ഓഫീസർ, പി. എച്ച്. സി. |
| 1-27 | 20,000 | ഫിലോമിന. എൻ. ഒ, ഹെഡ്മിസ്ട്രസ് (ജി. യു. പി.) |
| 1-31 | 1,00,000 | സാജിത. പി. വൈ, സെക്രട്ടറി |
| 1-33 | 4,00,000 | ഡോ. രാഗേഷ് പി. ഡി., വെറ്ററിനറി സർജൻ |
| 1-34 | 9,000 | ഡോ. രാഗേഷ് പി. ഡി., വെറ്ററിനറി സർജൻ |
| 1-35 | 86,750 | ഡോ. രാഗേഷ് പി. ഡി., വെറ്ററിനറി സർജൻ |
| 1-36 | 1,00,000 | ഡോ.രാഗേഷ് പി. ഡി., വെറ്ററിനറി സർജൻ |
| ആകെ | 8,68,750 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|
| ഡോ. മരിയ ടോം., മെഡിക്കൽ ഓഫീസർ, പി. എച്ച്. സി. | പുത്തൂർ ഹൗസ്, പറപ്പൂർ പി. ഒ. |

| | |
|---|---|
| ഫിലോമിന. എൻ. ഒ, ഹെഡ്മിസ്ട്രസ്, ജി. യു. പി. എസ്. | ചിരിയങ്കണ്ടത്ത് ഹൗസ്, പാവറട്ടി പി. ഒ. |
| സാജിത. പി. വൈ, സെക്രട്ടറി | പോക്കാക്കില്ലത്ത് ഹൗസ്, എടത്തിരുത്തി പി. ഒ. |
| ഡോ.രാഗേഷ് പി. ഡി., വെറ്ററിനറി സർജൻ | പത്തിയാല ഹൗസ്, പെരുവല്ലൂർ പി. ഒ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| | ഓഡിറ്റ് അദാലത്ത് നമ്പർ എൽ.എഫ് ടി. (എസ്.2)- 894/ 27.7.11/01.10.11 |
| 76-77 | എൽ എഫ് ഇ3-2829/78/13.03.79 |
| 84--85 | എൽ എഫ് ടി. 10-1790/96/07.12.96 |
| 88-89,89-90 | എൽ എഫ് ടി 10-642/94/20.03.96 |
| 90-91 | എൽ എഫ് ടി10-1658/94/05.06.94 |
| 91-92 | എൽ എഫ് ടി10-963/93/06.06.94 |
| 92-93,93-94 | എൽ എഫ് ടി10-233/95/11.12.95 |
| 94-95,95-96 | എൽ എഫ് ടി10-245/2000/ 05.08 2000 |
| 96-97 (ചെലവ്) | എൽ എഫ് ടി5-5/98/02.01.99 |
| 97-98 (ചെലവ്) | എൽ എഫ് ടി10/1445/98/ 13.01.99 |
| 98-99 (ചെലവ്) | എൽ എഫ് ടി 10-762/01/ 27.08.01 |
| 99-00 (ചെലവ്) | എൽ എഫ് ടി 10-923/03/ 03.09.03 |
| 2000-01,2001-02 (ജനകീയാസൂത്രണം) | എൽ എഫ് ടി10-6543/03/ 05.05.04 |
| 96-97 (ചെലവ്) | എൽ എഫ് ടി.10-169/08/01.01.09 |
| 97-98 (ചെലവ്) | എൽ എഫ് ടി10-170/08/01.01.09 |
| 98-99 (ചെലവ്) | എൽ എഫ് ടി10-171/08/01.01.09 |
| 2000-01 | എൽ എഫ് ടി10-173/08/01.01.09 |
| 2001-2002 | എൽ എഫ് ടി 10-174/08/04.05.09 |
| 2002-03 | എൽ എഫ് ടി10-1050/08/31.08.09 |
| 2003-04 | എൽ എഫ് ടി10-1051/08/31.08.09 |
| 2004-05 | എൽ എഫ് ടി10-245/09/14.06.10 |
| 2005-06 | എൽ എഫ് ടി10-1372/09/06.08.10 |
| 2006-07 | എൽ എഫ് ടി10- 1373/11.08.10/13.10.11 |
| 2007-08 | എൽ എഫ് ടി (പി. 2)164/ 12/05.06.12 |
| 2008-09 | എൽ.എഫ്.ടി.(പി.2) 165/12/ 05.06.12 |
| 2009-10 | എൽ എഫ് ടി (പി 2)166/ 12/ 05.06.12/05.07.12 |
| 2010-11 | എൽ എഫ് ടി (പി.2) 2237/12/ 14.2.13/09.05.13 |
| 2011-12 | എൽ എഫ് ടി(പി.6) 1975/13/ 17.08.14/09.07.14 |
| 2012-13 | എൽ എഫ് ടി (പി.9)1450/14/ 12.01.15/ 6.05.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.(പി9)941/15 20.10.2015/ 04.11.2015 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.പി5- 995/2016 തീ.27.06.2016/28.7.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.പി5- 1935/2016 തീ.8.11.2016/26.12.16 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.പി5- 1389/2017 തീ.4.10.2017/22.11.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ /പി.5/356/19 തീ .13.06.2019 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ.(പി5)369/2020 തീ. 02.06.2020 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്